**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5506** **13-08-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ് ഡ്രീം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച സ്റ്റാർട്ട് അപ് ഡ്രീം പദ്ധതിയുടെ പുരോഗതി വിലയിരുത്തിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര സംരംഭകർക്ക് സഹായം നൽകാൻ കഴിഞ്ഞു എന്ന് അറിയിക്കുമോ? | (എ) | വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി നൽകി വരുന്നു. നിലവിൽ 4 സംരഭകർക്കായി 20.00 ലക്ഷം രൂപ ആദ്യ ഗഡു വായി പ്രത്യേക സീഡ് ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. 2016 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ